തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഇല്ല.

(ബി) ഉൽഭവിക്കുന്നില്ല.

മദ്യനിരോധനം.

* 505. [42] ശ്രീ. കെ. എ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യ ഗവണ്മെൻറ് മദ്യനിരോധനം ഒരു പൊതു നയമായി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ടോ;

(ബി) വിദേശമദ്യങ്ങൾ നിരോധിക്കുന്നതിനും ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) മദ്യനിരോധനം മറ്റ് താലൂക്കുകളിലേക്ക് വ്യാപിപ്പിക്കുന്നതിനു മുമ്പായി ഗവണ്മെൻറ് ആ പ്രദേശത്തുള്ള മുഴുവൻ ചെത്തുതൊഴിലാളികൾക്കും തൊഴിൽ കൊടുക്കുന്നതിനുള്ള എന്തെങ്കിലും പണി ആസൂത്രണം ചെയ്യുന്നതിനുദ്ദേശിക്കുന്നുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഭരണഘടനയനുസരിച്ച് ഈ ഗവണ്മെൻറും മദ്യനിരോധനം പൊതുനയമായി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) രണ്ടാംപഞ്ചവത്സരപദ്ധതി നടപ്പിലാവുമ്പോൾ തൊഴിൽപ്രശ്നം മിക്കവാറും പരിഹരിക്കപ്പെടുമെന്ന് വിശ്വസിക്കുന്നു. കൂടാതെ ഇപ്പോൾതന്നെ പ്രൊഹിബിഷൻ പ്രദേശങ്ങളിൽ ചെത്തുതൊഴിലാളികൾക്ക് കരുപ്പട്ടി വ്യവസായ കോവാപ്പറേറിവ് സംഘടനകൾ മുഖേന പ്രസ്തുത വ്യവസായത്തിൽ തൊഴിൽ ഉണ്ടാക്കി കൊടുക്കുന്നുണ്ട്. അങ്ങനെയുള്ള വ്യവസായങ്ങൾ വർദ്ധമാനമാക്കുന്നതിനും വേണ്ടതു ചെയ്യുന്നുണ്ട്.

കള്ളിൽനിന്നുൽപ്പാദിപ്പിക്കാവുന്ന സംസ്കൃത സാധനങ്ങൾ.

* 506. [43] ശ്രീ. കെ. എ. ബാലൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

കള്ളിൽ നിന്നും മറ്റു സംസ്കൃത സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനു കഴിയുമോ എന്നു പരീക്ഷിക്കുന്നതിനു ഒരു ഗവേഷണകേന്ദ്രം അടിയന്തിരമായി തുറക്കുന്നതിനു ഗവണ്മെൻറ് സത്വര നടപടി നടത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

കള്ളിൽനിന്നു മറ്റു സംസ്കൃതപദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ കഴിയുമോ എന്നു പരീക്ഷിക്കുന്നതിനു ഒരു ഗവേഷണകേന്ദ്രം തുറക്കുവാൻ ഇപ്പോൾ ഉദ്ദേശമില്ല. എന്നാൽ ചക്കരയുടെ ഉണ്ണം വർദ്ധിപ്പിക്കുവാനും കേടുകൂടാതെ സൂക്ഷിക്കുന്നതിനെപ്പറ്റിയും ഗവേഷണം നടത്തുവാൻ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ വക കൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly